ടി.എം(2)30369/2019

കാർഷികവികസന കർഷകക്ഷേമ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 22/08/2019

## സർക്കുലർ

വിഷയം:- കാർഷിക വിപണി ശക്തിപ്പെടുത്തൽ 2019-20-വിപണി ഇടപെടൽ-ഓണം-പഴം-പച്ചക്കറി വിപണി സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ-സംബന്ധിച്ച്.

സൂചന:- ബഹുമാനപ്പെട്ട കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 20.08.2019-ന കൂടിയ യോഗ തീരുമാനം.

മേൽ സൂചന പ്രകാരം ഈ വരുന്ന ഓണക്കാലത്ത് കൃഷി വകുപ്പും, അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവയുടെ സഹകരണത്തോടെ ഓണം വിപണി 2019 എന്ന പേരിൽ 2000 ഓണ പച്ചക്കറി വിപണന കേന്ദ്രങ്ങൾ **07.09.2019** മുതൽ **10.09.2019** വരെയുള്ള 4 ദിവസങ്ങളിൽ സംസ്ഥാനത്തെ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷനുകളിൽ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്.

**ഓണം വിപണികളുടെ എണ്ണം ചുവടെ ചേർക്കുന്നു.**

| | | |
|---|---|---|
| കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് (കൃഷി ഭവൻ, ആഴ്ച ചന്ത, ഇക്കോഷോപ്പ്, എ-ഗ്രേഡ് ക്ലസ്റ്റേഴ്സ്, BLFO, അഗ്രോ സർവ്വീസ് സെന്റർ മുതലായവ) | : | 1350 എണ്ണം |
| ഹോർട്ടികോർപ്പ് | : | 500 എണ്ണം |
| വി.എഫ്.പി.സി.കെ | : | 150 എണ്ണം |
| ആകെ | | 2000 എണ്ണം |

ബഹുമാനപ്പെട്ട കൃഷി വകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം, എല്ലാ കൃഷി ഭവനിലും ഓണം വിപണികൾ നടത്തേണ്ടതാണ്. കൃഷി ഭവനുകളിൽ ഒന്നിൽ കൂടുതൽ വിപണികൾ നടത്തേണ്ടി വരുന്ന സാഹചര്യത്തിൽ, വിപണിക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി അതാതു ജില്ലയിൽ കൃഷി വകുപ്പിന്റെ കീഴിൽ വരുന്ന മറ്റു സ്ഥാപനങ്ങളിലെ കൃഷി ഉദ്യോഗസ്ഥർ, ഫാംസ്, ആത്മ, മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവരെ കൂടി ഉൾപ്പെടുത്തി വിപണി നടത്തിപ്പും, സാമ്പത്തിക ഇടപാടുകൾ ഉൾപ്പെടെയുള്ള ചുമതലയും ടി ഉദ്യോഗസ്ഥർക്ക് നൽകേണ്ടത് പ്രിൻസിപ്പൽ കൃഷി ഓഫീസർ ആണ്.

ഓണം വിപണി നടത്തിയതിനു ശേഷമുള്ള വരവ് ചെലവ് കണക്ക് ബന്ധപ്പെട്ട് കൃഷി ഓഫീസർക്ക് നൽകി ക്രമീകരിക്കേണ്ടതാണ്. ടി വിപണി നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം വിപണി നടത്തുന്ന ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും.

ഓണം വിപണികളുടെ നടത്തിപ്പിനായി വിപണി ഒന്നിന് **65,000/- രൂപ** നൽകുന്നതും, ഇതിൽ 50,000/- മുതൽ 55,000/- രൂപ വരെ പഴം-പച്ചക്കറി സംഭരണത്തിനും, 10,000/- മുതൽ

15,000/- രൂപ വരെ സ്റ്റാളുകളുടെ അടിസ്ഥാന സൗകര്യം, കടത്തുകൂലി, കയറ്റ്-ഇറക്ക് കൂലി, ആവശ്യമായ തൊഴിലാളികളെ ഏർപ്പെടുത്തുന്നതിനും ബന്ധപ്പെട്ട മറ്റെല്ലാ അനുബന്ധച്ചിലവുകൾക്കുമായി വകയിരുത്താവുന്നതാണ്.

ഹോർട്ടീകോർപ്പ് സംഘടിപ്പിക്കുന്ന 500 ഓണ വിപണികൾക്കും, വി.എഫ്.പി.സി.കെ സംഘടിപ്പിക്കുന്ന 150 വിപണികൾക്കും, വിപണി ഒന്നിന് 65,000/-രൂപ വീതമാണ് വകയിരുത്തിയിട്ടുള്ളത്.

ഓണം 2019 വിപണി കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവ മുഖാന്തിരം സംഘടിപ്പിക്കുന്നതിനാവശ്യമായി വരുന്ന തുക വിപണി ഇടപെടൽ പദ്ധതി 2019-20- ലെ 2435-01-101-85 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നുമാണ് ചെലവാക്കുന്നത്. മേൽ വിപണികൾ സംഘടിപ്പിക്കുന്നതിന് അനുവദിക്കുന്ന തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**ഓണം 2019 വിപണി സംഘടിപ്പിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്**

1) ഓരോ ജില്ലയിലും സംഘടിപ്പിക്കുന്ന ഓണം വിപണികളിലേക്കാവശ്യമായ പഴം-പച്ചക്കറി ഉൽപന്നങ്ങൾ പരമാവധി അതാതു ജില്ലകളിലെ കർഷകരിൽ നിന്നും സംഭരിക്കേണ്ടതാണ്.

2) ഓണം പച്ചക്കറി വിപണികളിൽ മറ്റ് വകുപ്പുകളുടെ ഏകോപനത്തിനായി അതാത് ജില്ല കളക്ടറുടെ അദ്ധ്യക്ഷതയിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറായി ഹോർട്ടീകോർപ്പ്, വി.എഫ്.പി.സി.കെ, കുടുംബശ്രീ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ (NWDPRA), കൃഷി അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്), എന്നിവരുടെ ഒരു യോഗം സംഘടിപ്പിക്കുകയും, ടി പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ അറിയിക്കുകയും സംയോജിതമായി വിപണികൾ സംഘടിപ്പിക്കുന്നതിനേപ്പറ്റി ഉചിതമായ തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്.

3) ഓണം വിപണികൾക്കാവശ്യമായ പച്ചക്കറികളുടെ ലഭ്യത കണക്കാക്കുന്നതിനും, കർഷകരിൽ നിന്നും സംഭരിക്കുന്നതിനും, ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, പഞ്ചായത്ത്/ മുൻസിപ്പാലിറ്റി / കോർപ്പറേഷൻ പ്രദേശങ്ങളിൽ കൃഷി ഓഫീസർ / കൃഷി ഫീൽഡ് ഓഫീസർ എന്നീവർ കൺവീനർമാരായി തദ്ദേശസ്ഥാപന അദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. എല്ലാ കമ്മിറ്റികളിലും തദ്ദേശ സ്ഥാപന വൈസ് പ്രസിഡന്റ്, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ, കുടുംബശ്രീ, കർഷക പ്രതിനിധികൾ മുതലായവരെ പങ്കെടുപ്പിക്കേണ്ടതാണ്.

4) ഉൽപ്പന്നങ്ങളുടെ വിപണിവില നിശ്ചയിക്കുന്നതിന് ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, DDA(H), DDA(NWDPRA), ADA (M), ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവയുടെ പ്രതിനിധികളും, ഒരു കർഷക പ്രതിനിധിയും അംഗങ്ങളായ ഒരു ജില്ലാതല കമ്മറ്റി രൂപീകരിക്കേണ്ടതാണ്. ഈ കമ്മിറ്റി ഓരോ ദിവസത്തേയും സംഭരണ വിലയും, വില്പനവിലയും നിശ്ചയിച്ച് അതാത് ദിവസം രാവിലെ 7.00 മണിക്കുള്ളിൽ വെബ്

സൈറ്റിൽ . പ്രസിദ്ധീകരിക്കേണ്ടതാണ്. പ്രാദേശികമായി സമയാസമയങ്ങളിൽ വിപണിയിൽ ഉണ്ടാകുന്ന വില• വ്യത്യാസമനുസരിച്ച് സംഭരണവിലയിലും, വിൽപനവിലയിലും വേണ്ട മാറ്റങ്ങൾ വരുത്തുന്നതിനുള്ള അധികാരം ജില്ലാകമ്മിറ്റികളിൽ നിക്ഷിപ്തമായിരിക്കും. ബ്ലോക്ക് തലത്തിൽ വലിയതോതിൽ വില വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ, ബ്ലോക്കുതല കമ്മിറ്റികൾക്ക് ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി വിൽപനവില നിശ്ചയിച്ച് നൽകേണ്ടതാണ്. ഇതിനായി ആവശ്യമെങ്കിൽ വി.എഫ്.പി.സി.കെ യുടെ വെബ് സൈറ്റ് ദിനംതോറും പ്രസിദ്ധീകരിക്കുന്ന വിപണിവില മാനദണ്ഡമായി എടുക്കാവുന്നതാണ്. (vfpckagri@gmail.com)

ജില്ലാതല കമ്മിറ്റി നിശ്ചയിച്ച പഴം-പച്ചക്കറികളുടെ ഇനംതിരിച്ച സംഭരണവിലയും, വിപണിവിലയും itcellonam2019@gmail.com എന്ന e-mail id-യിൽ അതാതു ദിവസം അയച്ചുതരേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അതാതു ജില്ലയിൽ നിശ്ചയിച്ചിരിക്കുന്ന വില wwwkeralaagriculture@gov.in എന്ന സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതും, എല്ലാ കൃഷി ഓഫീസർമാരുടെ e -mail id-യിൽ നൽകുന്നതുമാണ്.

5) ഓണവിപണിയ്ക്കായി ഉല്പാദിപ്പിക്കുന്ന പഴം-പച്ചക്കറി ഉല്പന്നങ്ങളുടെ ഇനം തിരിച്ചുള്ള അളവ്, അധികമായി ഉല്പാദനമുള്ളവ മറ്റ് ജില്ലകളിലേക്ക് ട്രാൻസ്പോർട്ട് ചെയ്യുന്നതിലേക്ക് സംഭരിക്കാവുന്നതിന്റെ അളവ്, ജില്ലയിൽ ആവശ്യമായ ഉല്പന്നത്തിന്റെ അളവ് മുതലായവ കൃഷി ഭവൻ തലത്തിൽ സ്വരൂപിച്ച് അതത് ബ്ലോക്കതലത്തിലും ജില്ലാതലത്തിലും ക്രോഡീകരിച്ച് അവ ലഭ്യമായ സ്ഥലവും തീയതിയും ഉൾപ്പെടെയുള്ള റിപ്പോർട്ട് **ആഗസ്റ്റ് 27-ാം** തീയതിക്ക് മുമ്പായി എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും കൃഷി ഡയറക്ടറെ അറിയിക്കേണ്ടതാണ്.

6) ജില്ലയ്ക്കുള്ളിലെ ഓണം വിപണികളുടെ സുഗമമായ പ്രവർത്തനത്തിന് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ മേൽനോട്ടം വഹിക്കേണ്ടതാണ്.

7) വിവിധ ജില്ലകളിൽ അധികമായി ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ മറ്റ് ജില്ലകളിലേക്ക് ട്രാൻസ്പോർട്ട് ചെയ്യുന്നതിനും സംസ്ഥാനത്ത് ലഭ്യമല്ലാത്ത പച്ചക്കറികൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും സുതാര്യമായ രീതിയിൽ ശേഖരിച്ച് ജില്ലകളിൽ വിതരണം ചെയ്യുന്നതിനുമുള്ള നോഡൽ ഏജൻസി ഹോർട്ടികോർപ്പാണ്. അതിനുവേണ്ടി അതാത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ഹോർട്ടികോർപ്പിന്റെ റീജിയണൽ മാനേജർമാരുമായി ബന്ധപ്പെടേണ്ടതാണ്. ആവശ്യമുണ്ടെങ്കിൽ ഹോർട്ടീകോർപ്പിന്റെ ചുമതല വഹിക്കുന്ന ജനറൽ മാനേജർമാരുമായി ബന്ധപ്പെടാവുന്നതാണ്. ജില്ലയിലെ വിവിധ ഇടങ്ങളിൽ സംഭരണ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് ഹോർട്ടികോർപ്പിന്റെ സഹായ സഹകരണം തേടാവുന്നതാണ്.

8) ജില്ലകളിൽ ജില്ലാതല വിപണന കമ്മിറ്റി യോഗം ചേർന്ന് സംഭരണ കേന്ദ്രം തെരഞ്ഞെടുത്തു കൊണ്ട് വിതരണം സംബന്ധിച്ച് രൂപരേഖ തയ്യാറാക്കണം. ഓരോ ജില്ലകളിലേക്കും ആവശ്യമായ പഴം-പച്ചക്കറികളുടെ വിവരം (മറ്റ് ജില്ലകളിൽ നിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കിതരേണ്ടവ) അതാത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ജില്ലാ ഹോർട്ടികോർപ്പ് മാനേജർക്ക് നൽകേണ്ടതും ആയതിന്റെ കോപ്പി അഡീഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്) ന് നൽകേണ്ടതുമാണ്. ആയതു പ്രകാരം ജില്ലകളിൽ ഹോർട്ടീകോർപ്പ് വിതരണം നടത്തേണ്ട പഴം-പച്ചക്കറികൾ രാവിലെ 9.00

മണിക്ക് മുമ്പായി തന്നെ ജില്ലാ വിതരണ കേന്ദ്രങ്ങളിൽ എത്തിക്കേണ്ടതാണ്.

9) വിപണികൾ സംഘടിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പരമാവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ മറ്റ് സഹകരണ സ്ഥാപനങ്ങളുടെയോ സഹകരണത്തോടെ കണ്ടെത്തേണ്ടതാണ്.

10) കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ കർഷകർക്ക് പൊതു വിപണികളിൽ നിന്നും ലഭ്യമാകുന്ന അതാത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കേണ്ടതാണ്. വിപണികളിലൂടെ വിൽപ്പന നടത്തുമ്പോൾ പൊതു വിപണി വിൽപ്പന വിലയിൽ നിന്നും 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതാണ്.

11) GAP പച്ചക്കറി ഉൽപ്പന്നങ്ങൾ സംഭരിക്കുമ്പോൾ പൊതു വിപണികളിൽ നിന്നും കർഷകർക്ക് ലഭ്യമാകുന്ന സംഭരണ വിലയേക്കാൾ 20% അധികം വില നൽകി സംഭരിക്കുകയും പൊതു വിപണി വിൽക്കുന്ന വിലയിൽ നിന്ന് 10% സബ് സിഡി നൽകികൊണ്ടുള്ള നിരക്കിൽ വിപണിയിലൂടെ ഉപഭോക്താക്കൾക്ക് വില്പന നടത്തേണ്ടതാണ്. കേരള ഓർഗാനിക് ലേബലോടുകൂടി പ്രകൃതിയോടിണങ്ങിയ പാക്കിംഗിൽ മാത്രമാണ് GAP ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് വിൽപന നടത്തേണ്ടത്.

12) ഓണവിപണികളുടെ ജില്ല/ബ്ലോക്ക്/പഞ്ചായത്ത് തലങ്ങളിൽ ഉള്ള ഉദ്ഘാടനം മന്ത്രിമാർ, എം.പി മാർ, എം.എൽ.എ മാർ മറ്റ് ജനപ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിക്കേണ്ടതാണ്. വിപണികൾ ആകർഷകമായ വിധത്തിൽ അലങ്കരിക്കേണ്ടതാണ്.

13) വിപണികൾക്കാവശ്യമായ ബിൽ ബുക്കുകൾ പ്രിന്റ് ചെയ്യുന്നത് സംബന്ധിച്ച് ജില്ലാതല കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതാണ്.

14) ഗ്രീൻ പ്രോട്ടോക്കോളിനനുസൃതമായി വിപണികൾക്കാവശ്യമായ ബാനറിന്റെ മാതൃക FIB ഡിസൈൻ ചെയ്ത് തയ്യാറാക്കി നൽകുന്നതാണ്. ഓണ വിപണിയുടെ ലോഗോ, പോസ്റ്റർ എന്നിവയും FIB ഡിസൈൻ ചെയ്ത് തരുന്നതാണ്. ഓണം വിപണിയെ സംബന്ധിച്ച് എല്ലാ ദൃശ്യ/ശ്രവണ മാധ്യമങ്ങളിൽ വാർത്തകൾ നൽകേണ്ടതാണ്. പ്രാദേശിക ചാനലുകളിൽ വാർത്ത നൽകുവാൻ പ്രേത്യകം ശ്രദ്ധിക്കേണ്ടതാണ്.

15) ജില്ലകളിൽ നടത്തേണ്ട ഓണം വിപണികളുടെ എണ്ണം (Annexure-I)ൽ ചേർക്കുന്നു. എ ഗ്രേഡ് ക്ലസ്റ്ററുകൾ, BLFO,Eco shop, ആഴ്ച ചന്ത, അഗ്രോസർവ്വീസ് സെന്ററുകൾ തുടങ്ങിയവയുടെ സഹകരണത്തോടെ സ്റ്റാളുകൾ സംഘടിപ്പിക്കേണ്ടതാണ്. വിപണികൾ നടത്തുവാൻ ഉദ്ദേശിക്കുന്ന ലൊക്കേഷൻ രേഖപ്പെടുത്തിക്കൊണ്ടുള്ള ഫൈനൽ ലിസ്റ്റ് **ആഗസ്റ്റ് 30-ാം** തീയതിക്കു മുമ്പായി ഈ ഓഫീസിൽ അയച്ചുതരേണ്ടതാണ്. നിശ്ചിത എണ്ണം വിപണികൾ നടത്തുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരെ ജില്ലാ തലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, എ.സി.ഒ എന്നിവർ ചേർന്ന് മിനിസ്റ്റിരീയൽ സ്റ്റാഫ് ഉൾപ്പെടെയുള്ള ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്.

16) കൃഷിവകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവർ നടത്തുന്ന സ്റ്റാളുകളിൽ നാടൻ പച്ചക്കറികൾ, GAP പച്ചക്കറി ഉല്പന്നങ്ങൾ, വട്ടവട, കാന്തലൂർ പച്ചക്കറികൾ, അന്യസംസ്ഥാന പച്ചക്കറികൾ എന്നിവയ്ക്ക് പ്രത്യേകം ബോർഡുകൾ

പ്രദർശിപ്പിക്കേണ്ടതാണ്.

17) ഓണസമൃദ്ധി വിപണികളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കേണ്ടതാണ്. യാതൊരു കാരണവശാലും പ്ലാസ്റ്റിക്ക് കിറ്റ് ഉപയോഗം പാടില്ലാത്തതാണ്. "തുണി സഞ്ചി ശീലമാക്കു-പ്ലാസ്റ്റിക്ക് ഉപേക്ഷിക്കു" എന്ന ബോർഡ് സ്ഥാപിക്കുകയും, ആവശ്യമായ തുണി സഞ്ചികൾ ലഭ്യമാക്കുകയും വേണം. തുണി സഞ്ചികൾക്കുള്ള വില ഉപഭോക്താക്കളിൽ നിന്നും ഈടാക്കാവുന്നതാണ്.

18) ഈ വർഷം 100 രൂപ വിലയുള്ള പച്ചക്കറി കിറ്റുകൾ പ്രത്യേകമായി തയ്യാറാക്കി വിപണനം നടത്തേണ്ടതാണ്. പഴം-പച്ചക്കറി ഉല്പന്നങ്ങൾ കൂടാതെ മറയൂർ ശർക്കര, മറയൂർ വെളുത്തുള്ളി, കേര വെളിച്ചെണ്ണ, തേൻ മുതലായവയും, ഫാമുകളുടെ ഉല്പന്നങ്ങളും മറ്റ് വകുപ്പുകൾ (മിൽമ, കെപ്കോ, MPI) നൽകുന്ന ഉല്പന്നങ്ങളും സ്റ്റാളുകൾ വഴി വില്പന നടത്തേണ്ടതാണ്.

19) PO Sale /Billing machine നിലവിലുള്ള സ്റ്റാളുകൾക്ക് അത് ഉപയോഗിക്കാവുന്നതാണ്. എന്നാൽ കൃത്യമായ അക്കൗണ്ടും, റിപ്പോർട്ടും സൂക്ഷിക്കേണ്ടതാണ്.

20) റിപ്പോർട്ട് ചെയ്യുന്ന അധികമായിട്ടുള്ളതും / ആവശ്യമായിട്ടുള്ളതുമായ പച്ചക്കറി ഇനങ്ങൾ ലഭ്യമാക്കുവാനും, സ്വീകരിക്കുവാനും അതാതു ജില്ലകൾ തന്നെ ബാധ്യസ്ഥരായിരിക്കും. യാതൊരു കാരണവശാലും അധികമാണെന്ന് റിപ്പോർട്ട് ചെയ്തത് നൽകാതിരിക്കുകയോ, ആവശ്യമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള ഇനങ്ങൾ സ്വീകരിക്കാതിരിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. അത്തരത്തിൽ നഷ്ടമെന്തെങ്കിലും ഉണ്ടാവുകയാണെങ്കിൽ അതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കും.

21) ഓണ വിപണി വിറ്റുവരവ് 2019 **സെപ്റ്റംബർ 30** നകം പ്രിൻസിപ്പൽ കൃഷി ഓഫീസർ മാരുടെ TSB a/c – ൽ അടക്കേണ്ടതും, ഈ ഓഫീസിൽ നിന്നും ഒരു ഉത്തരവ് വരുന്നതു വരെ ടി അക്കൗണ്ടിൽ തന്നെ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. അതോടൊപ്പം അതാതു വിപണികളുടെ വിറ്റുവരവ് സംബന്ധിച്ച വിശദാംശങ്ങൾ ജില്ലാതല കമ്മറ്റികൾ അംഗീകരിച്ച് കൃഷി ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്. ഓണ വിപണികളുടെ ആഡിറ്റ് 2019 **ഒക്ടോബർ 30** -നകം പൂർത്തികരിക്കുവാൻ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓരോ ജില്ലയിലും സംഘടിപ്പിക്കുന്ന ഓണ വിപണികളുടെ പ്രവർത്തനം പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ (NWDPRA), കൃഷി ഡെപ്യൂട്ടി ഡയറക്ടർ (H), കൃഷി അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്) എന്നിവർ പരിശോധിച്ച് വിലയിരുത്തേണ്ടതാണ്.

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാരും അവരവരുടെ മേൽനോട്ട ചുമതലയുള്ള കൃഷി ഭവനുകളിലെ വിപണികളുടെ മേൽനോട്ടം വഹിക്കേണ്ടതാണ്. ആക്ഷൻ പ്ലാൻ. അനുസരിച്ച് സമയബന്ധിതമായി ഓണവിപണികളുടെ മുന്നോരുക്ക പ്രവർത്തനങ്ങളും നിർവ്വഹണവും നടപ്പിലാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട കൂടുതൽ നിർദ്ദേശങ്ങൾ യഥാസമയം അറിയിക്കുന്നതാണ്. ഓണവിപണിയെ സംബന്ധിച്ച റിപ്പോർട്ടുകൾ directorofmarketingagri@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അറിയിക്കേണ്ടതാണ്.

# ആക്ഷൻ പ്ലാൻ

1) ലഭ്യമായ പ്രദേശിക പച്ചക്കറികളുടെ അളവ്, ഹോർട്ടികോർപ്പിൽ നിന്നും ആവശ്യമായ പച്ചക്കറികളുടെ കണക്ക് അറിയിക്കുന്നത് : 27/08/2019 ന് മുൻപ്
2) ജില്ലാതല യോഗം കൂടുന്നത് : 27/08/2019 ന് മുൻപായി പൂർത്തീകരിക്കുക
3) ജില്ലകളിലെ ഓണവിപണികളുടെ കൃത്യമായ സ്ഥലം അറിയിക്കുന്നത് : 30/08/2019
4) ഓണവിപണികളുടെ GIS വിവരങ്ങൾ അറിയിക്കുന്നത് : 02/09/2019

(ഒപ്പ്)

SREEDEVI. M.S കൃഷി അഡീഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്)
Assistant Director (M)
Directorate of Agriculture
Development & Farmer's Welfare
Vikas Bhavan, Tvpm - 33
കാർഷികവികസന കർഷകക്ഷേമ വകുപ്പ്
ഡയറക്ടർക്കു വേണ്ടി

**പകർപ്പ്**

1) എല്ലാ കൃഷി അഡീഷണൽ ഡയറക്ടർമാർക്കും.
2) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
3) പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസര്ഡ, ഫാം ഇൻഫർമേഷൻ ബ്യൂറോ.
4) മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ്.
5) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വി.എഫ്.പി.സി.കെ.
6) കൃഷി ഡയറക്ടറുടെ റ്റി.എ.യ്ക്ക്
7) വെജിറ്റബിൾ സെൽ, പ്ലാനിംഗ് സെക്ഷൻ
8) ഐ.റ്റി സെൽ - വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
9) സ്റ്റോക്ക് ഫയൽ / സ്പെയർ

SR 21/8/19